ഉത്തരം

ഉണ്ട്. 20-6-2003 സ. ഉ. (സാധാ) 2183/03/തസ്വഭവ പ്രകാരം ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ തടയുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് 50,000 രൂപയും, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയവയ്ക്ക് യഥാക്രമം ഒരു ലക്ഷം രൂപയും രണ്ടു ലക്ഷം രൂപയും ചെലവ് ചെയ്യുന്നതിനുള്ള അനുവാദം നൽകിയിട്ടുണ്ട്. സ്വന്തം ഫണ്ടില്ലാത്ത പഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ടിൽ നിന്ന്, സേവന മേഖലയിൽ പ്രോജക്ടുണ്ടാക്കി തുക ചെലവു ചെയ്യുന്നതിനും അനുമതിയുണ്ട്. ഖരമാലിന്യനിർമ്മാർജ്ജനത്തിന് ദിവസക്കൂലി/ കരാർ അടിസ്ഥാനത്തിലോ താല്കാലികമായോ ജീവനക്കാരെ നിയമിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

എലിപ്പനി, ഡെങ്കിപ്പനി, മലമ്പനി മുതലായ രോഗങ്ങളെ നിയന്ത്രിക്കുന്നതിന് നൽകുന്ന ഫണ്ട്

59 (2182) ശ്രീ. വി. ബാലറാം :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലമ്പനി, എലിപ്പനി, ഡെങ്കിപ്പനി മുതലായ രോഗങ്ങളെ നിയന്ത്രിക്കുന്നതിനുവേണ്ടി ചെലവഴിക്കുവാൻ തനതു ഫണ്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിനായി എന്തെങ്കിലും തുക നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തുതുക നൽകിയെന്നു പറയുമോ ;

(സി) എത്ര തദ്ദേശഭരണസ്ഥാപനങ്ങൾക്കാണ് ഈ തുക നൽകിയത് ;

(ഡി) ഈ തുകയുടെ വിനിയോഗത്തിനെപ്പറ്റി ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ടോ ?

ഉത്തരം

(എ-ഡി) തനതു ഫണ്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടിൽ നിന്ന്, സേവന മേഖലയിൽപ്പെടുത്തി ചെലവ് നിർവ്വഹിക്കുന്നതിനും പ്രോജക്ട് ഉണ്ടാക്കി അംഗീകാരം വാങ്ങുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സാമ്പത്തിക ശേഷിയില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് പഞ്ചായത്തു വകുപ്പു മുഖേന തുകയൊന്നും നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly